പൂർത്തിയാകാത്ത എം.എൽ.എ.-എസ്.ഡി.എഫ്. പദ്ധതികൾ

129 (6580) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ-എസ്.ഡി.എഫ് പദ്ധതിയിൽ 2006-11 കാലയളവിൽ നിയമസഭാസാമാജികൻ ശിപാർശ ചെയ്ത പ്രവൃത്തികളിൽ നാളിതുവരെ ആരംഭിക്കാത്തതും പൂർത്തിയാവാത്തതുമായ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം എന്നും, പ്രസ്തുത പ്രവൃത്തികൾ ഏത് വർഷങ്ങളിൽ എം.എൽ.എ ശിപാർശ ചെയ്തതാണ് എന്നും വ്യക്തമാക്കാമോ ; പ്രവൃത്തിയുടെ പേര്, ഇപ്പോഴത്തെസ്ഥിതി എന്നിവ വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തി ഓരോന്നും നടപ്പാക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ട് എന്നത് വ്യക്തമാക്കാമോ ;

(സി) നടപ്പാകാതെ മുടങ്ങി കിടക്കുന്ന ഈ പ്രവൃത്തികളുടെ കാര്യത്തിൽ പ്രവൃത്തി നടപ്പാക്കുന്നതിന് ഇക്കാര്യത്തിൽ നടത്തിയ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തടസ്സപ്പെട്ടു കിടക്കുന്ന ഇത്തരം പ്രവൃത്തികളുടെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് നിരവധി എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ പുനരവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) എം.എൽ.എ.-എസ്.ഡി.എഫ്-ന് കീഴിൽ തടസ്സപ്പെട്ടുകിടക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകി, 4-6-2013-ൽ 50/2013/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ എം.എൽ.എ.-എ.ഡി.എസ് 2013-14-ൽ ഉൾപ്പെട്ട പദ്ധതികൾ

130 (6581) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ-എ.ഡി.എസ് 2013-14-ൽ ഉൾപ്പെട്ട പദ്ധതികൾ എസ്റ്റിമേറ്റ് തയ്യാറായി ഭരണ വകുപ്പിൽ നിന്ന് ശിപാർശ ചെയ്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ എത്ര പ്രവൃത്തികൾ ധനകാര്യ വകുപ്പിൽ എത്തിയിട്ടുണ്ട് എന്നും പ്രസ്തുതപ്രവൃത്തികൾ/പദ്ധതികൾ ഏതെല്ലാമാണ് എന്നും ഏതേത് നിയോജക മണ്ഡലത്തിൽ നിന്നുള്ളതാണെന്നും വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികളുടെ ശിപാർശ ഓരോന്നും ധനകാര്യ വകുപ്പിൽ ലഭിച്ച തീയതി, ഫയൽ നമ്പർ എന്നിവ സഹിതം വിശദമാക്കാമോ ;

(സി) ലഭിച്ചിട്ടുള്ള ശിപാർശകളിൽ ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം ; നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ ; ധനകാര്യാനുമതി നൽകിയിട്ടില്ലാത്തത് ഏവ ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി-പുളിയഞ്ചേരി പി.എച്ച്.സി., മുചുകുന്ന് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) എം.എൽ.എ.-എ.ഡി.എസ്. 2013-14 സാമ്പത്തികവർഷത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിലായി ഭരണ വകുപ്പിൽനിന്നും ശിപാർശ ചെയ്ത 57 പ്രൊപ്പോസലുകൾ ലഭിച്ചവയിൽ 54 എണ്ണം ധനവകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകൾ ഏതൊക്കെയെന്നും, അവയുടെ ഫയൽ നമ്പർ, ധനവകുപ്പിൽ ലഭിച്ച തീയതി, അവയിൽ ധനാനുമതി ലഭിച്ചവ, ധനാനുമതി ലഭിക്കാത്തവ എന്നീ വിശദാംശങ്ങൾ നിയോജമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി പുളിയഞ്ചേരി പി.എച്ച്.സി. മുച്ചുകുന്ന് ഗവ.ആയുർവ്വേദ ഡിസ്പെൻസറി എന്നീ പ്രവൃത്തികൾ ധന വകുപ്പിന്റെ അംഗീകാരത്തോടെ ഫയൽ ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുതപ്രവൃത്തി സംബന്ധിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ഭരണവകുപ്പിൽ സ്വീകരിച്ചുവരുന്നു.

പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണം

131 (6582) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും നിയമസഭ അംഗീകരിക്കുകയും ചെയ്ത പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണം ഏതു ഘട്ടത്തിൽ ആണെന്നു വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിക്കുന്ന ഫയൽ നമ്പർ 84270/എഡിഎംഎൻ/സി1/ഫിൻ/13 എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഈ ഫയൽ ഏതു ഉദ്യോഗസ്ഥന്റെ കൈവശം എത്ര നാളായി നടപടി ഇല്ലാതെ തുടരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനെതിരെ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്തെങ്കിലും തടസ്സവാദങ്ങൾ ഫയലിൽ എഴുതിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly